**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് - വികലാംഗ ഉദ്യോഗാർത്ഥികൾക്കായി ക്യാംപ് രജിസ്ട്രേഷൻ നടത്തുന്നതിനുള്ള അനുമതി നൽകിക്കൊ ് ഉത്തരവ് പുറപ്പടുവിക്കുന്നു.

---

**തൊഴിലും പുനരധിവാസവും (ജി) വകുപ്പ്**

സ.ഉ. (സാധാ) നം. 249/05/തൊഴിൽ തീയതി, തിരുവനന്തപുരം 27.1.2005

---

പരാമർശം :- എംപ്ലോയ്മെന്റ് ഡയറക്ടറുടെ 15.12.2003, 26.4.2004 എന്നീ തീയതികളിലെ സാ.പി2/11793/03 ഡി.ഇ. നംപർ. കത്തുകൾ.

**<u>ഉത്തരവ്</u>**

അസ്ഥി സംബന്ധമായ വൈകല്യമുള്ളവർക്കും അന്ധർക്കും പരസഹായം കൂടാതെ യാത്ര ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകാരണം പല വികലാംഗ ഉദ്യോഗാർത്ഥികൾക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യാൻ കഴിയാതെ വരുന്നുവെന്നതിനാൽ അർഹരായ വികലാംഗ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം ലഭ്യമാക്കുന്നതിനായി ക്യാംപ് രജിസ്ട്രേഷൻ നടത്തുന്നതിനുള്ള അനുമതിക്കായി പരാമർശത്തിലെ കത്തുകൾ മുഖേന എംപ്ലോയമെൻറ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എംപ്ലോയമെൻറ് ഡയറക്ടറുടെ അഭ്യർത്ഥന പരിഗണിച്ച് പരിമിതമായ സ്റ്റാഫ് സൗകര്യത്തിൽ നാഷണൽ എംപ്ലോയമെന്റ് സർവ്വീസ് വകുപ്പിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ വികലാംഗ ഉദ്യോഗാർത്ഥികൾക്കായി ക്യാംപ് രജിസ്ട്രേഷൻ നടത്തുന്നതിനുള്ള അനുമതി നൽകിക്കൊ ് ഉത്തരവ് പുറപ്പെടുവിക്കുന്നു,

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വി.കെ. വൽസമ്മ
ഡെപ്യൂട്ടി സെക്രട്ടറി

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കോർപ്പറേഷൻ, തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
മുനസിപ്പാലിറ്റി ഡയറക്ടർ, തിരുവനന്തപുരം
പി.ആർ.ഡി. (വെബ് പോർട്ടൽ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ